# പതിമൂന്നാം കേരള നിയമസഭ
# പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2621 — 27.01.2014 ൽ മറുപടിക്ക്

## കുറവിലങ്ങാട് താലൂക്ക് ആശുപത്രിയിലെ പുതിയ തസ്തികകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ് | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കുറവിലങ്ങാട് സർക്കാർ ആശുപത്രിയെ താലൂക്ക് ആശുപത്രിയായി ഉയർത്തിയശേഷം ഇവിടെ പുതിയ തസ്തികകൾ ഒന്നും തന്നെ അനുവദിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ സർക്കാർ കഴിഞ്ഞ രണ്ട് വർഷമായി സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; | (എ) മുതൽ (ഇ) വരെ<br><br>കുറവിലങ്ങാട് താലൂക്കാശുപത്രിയിൽ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം ഈ വകുപ്പിന്റെ 13334/എം1/13/ആ.കു.വ നം. ഫയലിലാണ് പരിശോധിച്ചു വരുന്നത്. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കുറച്ച് വിവരങ്ങൾ കൂടി ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ തസ്തിക സൃഷ്ടിക്കൽ സംബന്ധിച്ച് അനുമതിക്കായി ഫയൽ ധനവകുപ്പിന് നൽകാൻ കഴിയുകയുള്ളൂ. നിലവിൽ പ്രസ്തുത ഫയൽ ആരോഗ്യ കുടുംബക്ഷേമ (എം) വകുപ്പിൽ ഉണ്ട്. |
| (ബി) ആവശ്യമായ തസ്തിക സൃഷ്ടിക്കുന്നതിന് ആരോഗ്യ വകുപ്പിൽ നിലവിലുള്ള എം1/13344/13 എം1/18841/2013 എന്നീ ഫയലുകൾ ബഹു.ധനകാര്യ വകുപ്പ് മന്ത്രി ആവശ്യപ്പെട്ടിട്ടും നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | |
| (സി) കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച് ബഹു. ധനകാര്യ വകുപ്പ് മന്ത്രി 3039/വി.ഐ.പി/2013 എന്ന ഫയൽ 24/11/2013 ൽ ആവശ്യപ്പെട്ടിട്ടും നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | |
| (ഡി) പ്രസ്തുത ഫയൽ ഇപ്പോൾ എവിടെയാണെന്ന് വ്യക്തമാക്കാമോ; | |
| (ഇ) ഈ ഫയൽ സ്പ്ലിറ്റ് ചെയ്ത് കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ ഫയൽ മാത്രം ധനകാര്യ - വകുപ്പിന് കൈമാറുന്നതിന് ആരോഗ്യ വകുപ്പ് നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ